# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ റുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 20000-45800/- രൂപ ശമ്പള സ്കെയിലിൽ ബൈട്രാൻസ്ഫർ നിയമനം നൽകി ഉത്തരവാകുന്നു.

---

ഉത്തരവ് നം: C3/49161/2018/DCE,തിരുവനന്തപുരം തീയതി.29.08.2019

---

പരാമർശം:-1.28.10.1959 ലെ ജി.ഒ(പി) നം.930/പി.ഡി നമ്പർ ഉത്തരവ്

2.01.09.1971 ലെ ജി.ഒ(എം.എസ്)നം.288/71/പി.ഡി നമ്പർ ഉത്തരവ്

3.20.06.2019 തിയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള സി3/49161/2018/കോ.വി.വ നമ്പർ സർക്കുലർ

4.03.08.2019 തിയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള സി3/49161/2018/കോ.വി.വ ഇതേ നമ്പർ സർക്കുലർ

5.21.08.2019 തിയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള സി3/49161/2018/കോ.വി.വ നമ്പർ സീനിയോറിറ്റി ലിസ്റ്റ്

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാനകാര്യാലയത്തിൽ നിലവിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികകയിലെ ഒഴിവിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിനായി വകുപ്പിലുള്ള യോഗ്യരായ ടൈപ്പിസ്റ്റുമാരിൽ നിന്ന് പരാമർശം (3) പ്രകാരം അപേക്ഷ ക്ഷണിച്ചതനുസരിച്ച് 09.08.2019 തിയതിയിൽ നടന്ന സർട്ടിഫിക്കറ്റ് പരിശോധനയുടെ അടിസ്ഥാനത്തിൽ പരാമർശം(5) പ്രകാരം യോഗ്യരായ ടൈപ്പിസ്റ്റുമാരുടെ മുൻഗണനാപട്ടിക പ്രസിദ്ധീകരിച്ചിരുന്നു.

പരാമർശം(5) പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടിക പ്രകാരം കാഞ്ഞിരംകുളം കെ.എൻ.എം.ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.ഗീത.എസ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികകയിലേയ്ക്ക് ബൈട്രാൻസ്ഫർ വഴി നിയമനം ലഭിക്കുന്നതിന് അർഹത നേടിയിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ കാഞ്ഞിരംകുളം കെ.എൻ.എം.ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.ഗീത.എസിനെ കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാനകാര്യാലയത്തിൽ നിലവിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികകയിൽ 20000-45800/രൂപ ശമ്പള സ്കെയിലിൽ ബൈട്രാൻസ്ഫർ നിയമനം നൽകി ഉത്തരവാകുന്നു.

ഈ ഉത്തരവ് പ്രകാരം ബൈട്രാൻസ്ഫർ നിയമനം നൽകി നിയമിച്ച ജീവനക്കാരിയുടെ സീനിയോറിറ്റി ടി നിയമന ഉത്തരവ് തിയതി പ്രാബല്യത്തിലായിരിക്കും.

ഈ ഉത്തരവ് പ്രകാരം ബൈട്രാൻസ്ഫർ നിയമനം നൽകി നിയമിച്ച ജീവനക്കാരി നിലവിൽ ജോലി നോക്കുന്ന സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്ത് കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാനകാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.ടിയാളെ വിടുതൽ ചെയ്ത വിവരം ബന്ധപ്പെട്ട സ്ഥാപനമേധാവി യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഷുജ ആർ

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട വ്യക്തിക്ക്

(രജി. തപാൽ കൈപ്പറ്റ് രസീതു സഹിതം)

പകർപ്പ്:-

1. ശ്രീമതി.ഗീത.എസ്,സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്,കെ.എൻ.എം.ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്,കാഞ്ഞിരംകുളം
2. പ്രിൻസിപ്പാൾ,കെ.എൻ.എം.ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്,കാഞ്ഞിരംകുളം
3. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-ഡയറക്ടർ,അഡീഷണൽ ഡയറക്ടർ,ഡെപ്യൂട്ടി ഡയറക്ടർ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. സി 5 സെക്ഷൻ

# Approval Valid

Digitally Approved By
ഷൂജ ആർ
Date: 29.08.2019
Reason: Approved